**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജലസേചന വകുപ്പിൽ നിന്നും താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ഡ്രൈവർമാരെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥിരമായി ആഗിരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ.(കൈ) നം.79/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.07.2019

---

*പരാമർശം:-* തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.12.2017, 16.10.2018 എന്നീ തീയതികളിലെ എ 1/248/2015/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ജലസേചന വകുപ്പിലെ ഡ്രൈവർമാരായ ശ്രീ. സുരേഷ് കുമാർ. ടി.കെ. ശ്രീ. രവി.പി.സി, ശ്രീ. ബാബുരാജ്, ശ്രീ. പത്മദാസ്.കെ എന്നിവർ തങ്ങളെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥിരമായി ആഗിരണം ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചു. ടി ഡ്രൈവർമാരിൽ ഒരു ഡ്രൈവറുടെ വിരമിക്കൽ കാലാവധി പൂർത്തിയായിരിക്കുന്ന സാഹചര്യത്തിലും ജലസേചന വകുപ്പ് ടിയാളുകളെ തിരികെ വിളിക്കാത്തതിനാലും ഡ്രൈവർമാരെ സ്ഥിരമായി ആഗിരണം ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഡ്രൈവർമാരുടെ മൊത്തം 18 തസ്തികകളാണ് ഉള്ളത്. സ്ഥിരമായി ആഗിരണം ചെയ്യുന്നതിനായി അപേക്ഷിച്ചിട്ടുള്ള 4 ഡ്രൈവർമാരും പ്രസ്തുത സ്ഥിരം തസ്തികകളിൽ ജോലിനോക്കുന്നവരാണ്. പുനർവിന്യാസം വഴി വന്ന് മലപ്പുറം ജില്ലാപഞ്ചായത്ത് കാര്യാലയത്തിൽ ജോലി ചെയ്യുന്ന ശ്രീ ബാബുരാജ് വിരമിക്കുകയും. ടി ഒഴിവിലേക്ക് പി.എസ്.സി മുഖേന നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജലസേചന വകുപ്പിൽ നിന്നും തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ഡ്രൈവർമാരായ ശ്രീ. സുരേഷ് കുമാർ. ടി.കെ. ശ്രീ. രവി.പി.സി. ശ്രീ ബാബുരാജ്. ശ്രീ. പത്മദാസ്.കെ എന്നിവരെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ, ഡ്രൈവർമാരുടെ കേഡർ സ്ട്രങ്ത് ഒരു

(മറുപുറം)

സാഹചര്യത്തിലും കൂട്ടുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ വകുപ്പിലേക്ക് സ്ഥിരമായി ആഗിരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി. കെ. ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് *( ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ്, തിരുവനന്തപുരം.
4 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5 പൊതുഭരണ(എസ്.സി) വകുപ്പ്( (ഇനം നമ്പർ ____ തീയതി 03.07.2019)
6 ധനകാര്യ വകുപ്പ് ( 01.01.2019 ലെ ഡെവ.1/298/2018/ധന പ്രകാരം)
7 ജലവിഭവ വകുപ്പ് ( 27.07.2018 ലെ എ 3/90/2018/ജ.വി.വ പ്രകാരം)
8 വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ